**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5234** **04-07-2024 - ൽ മറുപടിയ്ക്ക്**

**സ്വന്തമായി വീടില്ലാത്തവർക്ക് ഭവന നിർമ്മാണവകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി വീടില്ലാത്തവർക്കായി ഭവന നിർമ്മാണ വകുപ്പ് എന്തെല്ലാം പദ്ധതികളിലൂടെയാണ് വീട് വെക്കാൻ ധനസഹായം അനുവദിക്കുന്നത്; പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഭവനനിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന പാർപ്പിട പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>(i) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന താഴ്ന്ന വരുമാനക്കാർക്കായി വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി:<br><br>അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് വീട്/ഫ്ലാറ്റ് നിർമ്മിച്ചു നല്കുന്നതാണ് പദ്ധതി. കണ്ണൂർ ജില്ലയിലെ പട്ടുവം, വയനാട് ജില്ലയിലെ തൃക്കൈപ്പറ്റ എന്നിവിടങ്ങൾ ഫ്ലാറ്റുകൾ/ വീടുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും കോഴിക്കോട് ജില്ലയിലെ മുക്കം എന്ന സ്ഥലത്ത് ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.<br><br>(ii) തന്റെയിടം പദ്ധതി:<br><br>സർക്കാർ നേരിട്ടോ/സർക്കാർ സാമ്പത്തിക സഹായത്തോടെയോ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് 18 വയസു പൂർത്തിയാകുമ്പോൾ ഈ സ്ഥാപനങ്ങളിൽ നിന്ന് പുറത്തു പോകേണ്ടി വരുന്നവർക്കും, പോക്സോ ഇരകൾക്കും സ്വന്തമായി വീടോ സ്ഥലമോ ബന്ധുക്കളോ ഇല്ലാത്ത ഇത്തരം കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സുരക്ഷിതമായി താമസിക്കുന്നതിനായി പാർപ്പിടം ലഭ്യമാക്കുന്നതാണ്. 2022-23 സാമ്പത്തിക വർഷം മുതൽ ഭവനനിർമ്മാണ ബോർഡ് ഈ പദ്ധതി വനിതാ ശിശു വികസന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ തുക അനുവദിച്ചു വരുന്നുണ്ട്.<br><br>(iii) ഗൃഹശ്രീ പദ്ധതി<br><br>സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS)/ താഴ്ന്ന വരുമാന (LIG) |

വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടനകൾ/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മിക്കുന്നതിന് 3 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. 2013 സാമ്പത്തിക വർഷം മുതൽ ഭവന നിർമ്മാണ ബോർഡ് ടി പദ്ധതി നടപ്പിലാക്കി വരുന്നു.

2022-23 സാമ്പത്തിക വർഷം വരെ സർക്കാർ സബ്സിഡി 2 ലക്ഷം രൂപയായിരുന്നു. പദ്ധതി പ്രകാരം സർക്കാർ അംഗീകരിച്ച പരമാവധി 83 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനുള്ള സർക്കാർ സബ്സിഡി 2023-24 മുതൽ മൂന്ന് ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും, ഒരു ലക്ഷം രൂപ സ്പോൺസറുടെ വിഹിതവും, സർക്കാർ സബ്സിഡി മൂന്ന് ലക്ഷം രൂപയും ഉൾപ്പടെ ആകെ 5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 13.50 കോടി രൂപ സബ്സിഡി അനുവദിക്കുന്നതിനായി വകയിരുത്തുകയും പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുമുണ്ട്.

(iv). ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം

കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ളവരോ, റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ വാർഷിക വരുമാനം 3 മുതൽ 12 ലക്ഷം രൂപ വരെയുള്ള താഴ്ന്ന ഇടത്തരം വരുമാന വിഭാഗത്തിൽപ്പെട്ടവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 100 മുതൽ 160 ച. മീ വരെ വിസ്തീർണമുള്ള വീട് നിർമ്മിക്കുന്നതിന് ദേശസാൽകൃത/ ഷെഡ്യൂൾ ബാങ്ക് (RBIയുടെ നിയന്ത്രണത്തിലുള്ള)/ സർക്കാർ അംഗീകൃത സഹകരണ ബാങ്കിൽ നിന്നും ബോർഡ് അംഗീകരിച്ച നിബന്ധനകൾക്ക് വിധേയമായി തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ബാങ്കിൽ നിന്നും തവണകളായി വായ്പ തുക ലഭിക്കുന്നതിനോടൊപ്പം ബോർഡിൽ നിന്നും ആനുപാതികമായി സബ്സിഡി തുകയും അനുവദിക്കുന്നതാണ്. സർക്കാർ സബ്സിഡി പരമാവധി 3 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 6 കോടി രൂപ സബ്സിഡി അനുവദിക്കുന്നതിനായി വകയിരുത്തുകയും പദ്ധതി

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയുമുണ്ടായി.<br><br>(v) സർക്കാർ / അർദ്ധ സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ പദ്ധതി<br><br>സർക്കാർ / അർദ്ധസർക്കാർ (സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ) സ്ഥാപനങ്ങളിലെ കുറഞ്ഞത് 10 വർഷത്തെ സേവനം ബാക്കിയുള്ള ജീവനക്കാർക്കായി, സ്വന്തം പേരിലോ ഭാര്യ /ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ എന്നിവരുടെ പേരിലോ സ്വന്തമായി വാസയോഗ്യമായ ഭവനമില്ലാത്തവരും, നഗരപ്രദേശങ്ങളിൽ വാഹന ഗതാഗതയോഗ്യമായ കുറഞ്ഞത് 4 സെന്റ് ഭൂമി ഉള്ളവർക്കും, ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 8 സെന്റ് ഭൂമിയെങ്കിലുമുള്ള ജീവനക്കാർക്ക് കെട്ടിടത്തിന്റെ അടങ്കൽ തുകയുടെ 85% കണക്കാക്കി പരമാവധി 40 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണ് സർക്കാർ / അർദ്ധസർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ പദ്ധതി. 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 3 കോടി രൂപ ഭവന വായ്പ അനുവദിക്കുന്നതിനായി വകയിരുത്തുകയും പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ